




## കൂട്ടുകാരേ, കേട്ടോളിൻ...

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ - ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ - 686 575



# സംഗീതലോകത്തെ പുത്തൻ താരത്തിളക്കം

# അമല മാത്യു



അമലയും അമൃതയും വേദിയിൽ

ദൈവം കനിഞ്ഞനുഗ്രഹിച്ച ശുദ്ധസംഗീതത്തിലൂടെ ഉയരങ്ങൾ തേടുകയാണ് അമല മാത്യു എന്ന കൊച്ചു ഗായിക. 'Soul of Music' എന്ന യുട്യൂബ് ചാനലിലൂടെ നിരവധി ഗാനങ്ങൾ അവതരിപ്പിച്ച് പ്രേക്ഷകപ്രശംസ നേടിക്കൊണ്ടിരിക്കുന്നു. സ്കൂൾ കലോത്സവങ്ങളിൽ ലളിതഗാനം, മാപ്പിളപ്പാട്ട്, ശാസ്ത്രീയസംഗീതം, അറബിക് പദ്യംചൊല്ലൽ എന്നീയിനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ച അമല, അറബിക് പദ്യം ചൊല്ലലിൽ സംസ്ഥാന തലത്തിൽ തുടർച്ചയായി അഞ്ചുവർഷം ഒന്നാം സമ്മാനാർഹയായിട്ടുണ്ട്. രൂപതാതലത്തിലുള്ള മത്സരങ്ങളിലും വിവിധയിനങ്ങളിൽ വിജയിയായിട്ടുണ്ട്.

ഗുഡ്നസ് ടി. വി. നടത്തിയ ക്രിസ്ത്യൻ മ്യൂസിക് റിയാലിറ്റി ഷോ, വോയിസ് ഓഫ് ഗുഡ്നെസ് - സീസൺ 2 ൽ അൽഫോൻസ് ജോസഫ്, ഫാ. ആന്റണി ഉരുളിയാനിക്കൽ, സിസിലി തുടങ്ങിയ പ്രഗല്ഭരായ വിധികർത്താക്കൾ നൽകിയ പരിശീലനവും നിർദേശങ്ങളും അമലയെ വോയിസ് ഓഫ് ഗുഡ്നെസ് സീസൺ - 2 ന്റെ സെക്കന്റ് റണ്ണറപ്പ് ആക്കി. ധാരാളം ക്രിസ്ത്യൻ ഭക്തിഗാന ആൽബങ്ങളിൽ പാടിയിട്ടുണ്ട്. അതിൽ പൈതങ്ങളുടെ തെരേസ, പാഥേയം തുടങ്ങിയ ആൽബങ്ങൾ ശ്രദ്ധേയമാണ്. സിനിമാ പിന്നണിഗാനരംഗത്തും അമല ചുവടുറപ്പിച്ചിട്ടുണ്ട്.

അമലയുടെ മൂത്ത സഹോദരി അമൃതയും അനുഗൃഹീതഗായികയാണ്. രണ്ടുപേരും ചേർന്നാണ് യുട്യൂബ് ചാനലിൽ ഗാനങ്ങൾ അവതരിപ്പിക്കുന്നത്. വളരെ ചെറുപ്പത്തിൽതന്നെ മക്കളുടെ സംഗീതവാസന തിരിച്ചറിഞ്ഞ് ഏറ്റവും അധികം പ്രോത്സാഹനം നൽകിയത് അമ്മ സുനു ആയിരുന്നു. 2020 ലെ ലോക്ഡൗൺ കാലത്ത് അമ്മയുടെ ആഗ്രഹവും പ്രേരണയുമനുസരിച്ചാണ് 'Soul of Music' തുടങ്ങുന്നത്. ചാനലിന്റെ പേരിടലും അമ്മതന്നെയാണു നടത്തിയത്. എന്നാൽ അപ്രതീക്ഷിതമായാണ് 2020 ജൂൺ 10 ന് സുനു ഈ ലോകം വിട്ടുപോയത്. സുനുവിന്റെ മരണശേഷം 40-ാമത്തെ ദിവസം അമ്മയുടെ ഓർമയ്ക്കായി മക്കൾ രണ്ടുപേരും ചേർന്ന് ആദ്യത്തെ പാട്ട് ചാനലിൽ അപ്ലോഡ് ചെയ്തു.

കാസർഗോഡ് ചിറ്റാരിക്കാൽ വലിയകുന്നേൽ മാത്യുവിന്റെയും സുനു മാത്യുവിന്റെയും മക്കളാണ് അമൃതയും അമലയും. അമല മാത്യു ചെറുപുഴ നവജ്യോതി ആർട്സ് & സയൻസ് കോളജിൽ ബി.എ. ഇംഗ്ലീഷ് സാഹിത്യം രണ്ടാം വർഷ വിദ്യാർത്ഥിനിയാണ്. പയ്യന്നൂർ ശ്രീ മൂകാംബിക കലാക്ഷേത്രം, ചെറുപുഴ നാദബ്രഹ്മ കലാക്ഷേത്രം എന്നിവിടങ്ങളിൽനിന്ന് സംഗീതം അഭ്യസിച്ചു. ഇപ്പോൾ ഡോ. ഗോപാലകൃഷ്ണൻ മാഷിന്റെ ശിക്ഷണത്തിലാണ് സംഗീതാഭ്യസനം. അമൃത മാത്യു നീലേശ്വരം മഹാത്മ കോളജ് ഓഫ് എഡ്യുക്കേഷനിൽ ബി.എഡ്. വിദ്യാർത്ഥിനിയാണ്. ■

## സൈക്കിളിൽനിന്ന് ബൈക്ക്! ബൈക്കിൽനിന്ന് ജീപ്പ്!

# ഒമ്പതാം ക്ലാസ്സുകാരൻ അദ്ഭുതപ്പെടുത്തുന്നു

'ഡാഡി, ഞാനുണ്ടാക്കിയ ബൈക്ക് കാണണോ' എന്ന് ജോസ്വിൻ ചോദിച്ചപ്പോൾ ഗ്ലാസ്വുഡ് കച്ചവടക്കാരനായ അപ്പന് മകൻ എന്തോ കളിപ്പാട്ടം ഉണ്ടാക്കിയിരിക്കുന്നു എന്നേ തോന്നിയുള്ളൂ. സംഗതി നേരിൽ കണ്ടപ്പോൾ ബിജോ ശരിക്കും അമ്പരന്നുപോയി. സ്കൂളിൽ പോകാനായി താൻ വാങ്ങിച്ചുകൊടുത്ത സൈക്കിളിതാ മകൻ 50 കിലോമീറ്റർ വരെ വേഗത്തിൽ പോകുന്ന ബൈക്കാക്കി രൂപാന്തരപ്പെടുത്തിയിരിക്കുന്നു!

ഇതിനുമുമ്പ് കടലാസുകൊണ്ട് വെടിയുണ്ടയുണ്ടാക്കി 40 മീറ്റർ വരെ ദൂരത്തേക്കു ഷൂട്ട് ചെയ്യാവുന്ന തോക്ക് ഉണ്ടാക്കിയപ്പോൾ അത് കളിപ്പാട്ടങ്ങളുടെ ഗണത്തിലാണ് ബിജോ പെടുത്തിയിരുന്നത്. ഇത്തവണ പക്ഷേ, മകൻ ഞെട്ടിച്ചുകളഞ്ഞു. നാലു ബാറ്ററികളും 750 വാട്സിന്റെ ഒരു BLDC ഗിയർ മോട്ടറുംകൊണ്ട് അരമണിക്കൂർ ചാർജ് ചെയ്താൽ 35 കിലോമീറ്റർ വരെ പോകുന്ന ബൈക്ക് ഉണ്ടാക്കിയിരിക്കുന്നു.

ടെക്നിക്കലായ എന്തുകണ്ടാലും വളരെ വേഗം പഠിച്ചെടുക്കുന്ന സ്വഭാവമാണ് ജോസ്വിന്റേത്. വീടിന്റെ പിറകുവശത്തെ മണ്ണെടുക്കാൻ ഒരു ദിവസം ജെ.സി.ബി. വന്നതേയുള്ളൂ, വൈകുന്നേരം ജെ.സി.ബി. റെഡി. നിർമാണസാമഗ്രിയാകട്ടെ, ചോക്കോബാർ സ്റ്റിക്കുകളും.

പ്രവിത്താനം സെന്റ് മൈക്കിൾസ് ഹൈസ്കൂളിലെ ഒമ്പതാംക്ലാസ് വിദ്യാർത്ഥിയാണ് ജോസ്വിൻ ബിജോ. കൊവിഡ് ലോക്ഡൗണിന്റെ ആരംഭകാലത്ത് വീട്ടിൽ അടച്ചിരിക്കാൻ തുടങ്ങിയപ്പോഴാണ് ജോസ്വിനിലെ ശാസ്ത്രജ്ഞൻ പ്രവർത്തനനിരതനായത്. കോഴിക്കൂട് നിർമാണമായിരുന്നു തുടക്കം. പിന്നെ മുട്ട വിരിയിക്കുന്ന ഇൻക്യുബേറ്റർ ഉണ്ടാക്കി. മൂന്നു തവണയായി ഇൻക്യുബേറ്ററിൽനിന്ന് നൂറോളം കോഴിക്കുഞ്ഞുങ്ങൾ പുറത്തിറങ്ങി. ജോസ്വിന്റെ പ്രതിഭ മനസ്സിലാക്കിയപ്പോൾ മുതൽ വല്യപ്പൻ ജോസ്ചേട്ടനും വല്യമ്മ കുട്ടിയമ്മച്ചേച്ചിയും അപ്പൻ ബിജോയും നീണ്ടൂർ എസ്.കെ.വി. ഗേൾസ് ഹൈസ്കൂളിലെ അധ്യാപികയായ അമ്മ ജിൻസിയും ചേച്ചി ജിയ മരിയയും അനുജത്തി ജെയിൻ മരിയയും പ്രോത്സാഹനവുമായി ഒപ്പമുണ്ട്.



പ്രവിത്താനം രാമപുരത്ത് കുടുംബാംഗമായ ജോസ്വിൻ ഇപ്പോൾ ജീപ്പ് ഉണ്ടാക്കുന്ന തിരക്കിലാണ്. മകന്റെ പ്രതിഭയെ വളർത്താൻ വേണ്ടതെല്ലാം ചെയ്യണമെന്ന് മാതാപിതാക്കൾക്കു താത്പര്യമുണ്ട്.

■ ജോസഫ് കുമ്പുക്കൽ

# ഭൂമിയുടെ വൃക്കകൾ



സിറിൽ സജി
ബി.എ. ഇംഗ്ലീഷ്
സെന്റ് തോമസ് കോളജ്
പാലാ

അനുദിനം നശിച്ചുകൊണ്ടിരിക്കുന്ന തണ്ണീർത്തടങ്ങൾ ജീവന്റെ നിലനില്പിന് അത്യന്താപേഷിതമാണ് എന്ന തിരിച്ചറിവിലാണ് ഇറാനിലെ റാംസറിൽ1971 ൽ ഒരു അന്താരാഷ്ട്ര ഉച്ചകോടി സംഘടിപ്പിക്കപ്പെട്ടത്. അതിന്റെ തുടർച്ചയായി തണ്ണീർത്തടങ്ങളെയും തണ്ണീർവിഭവങ്ങളെയും സംരക്ഷിക്കുന്നതിനും അവയുടെ വിവേകപൂർണമായ വിനിയോഗത്തിനുമായി രൂപംകൊണ്ട ഉടമ്പടിയാണ് റാംസർ ഉടമ്പടി. ഒരു പ്രത്യേക പരിപാടിക്കുവേണ്ടിമാത്രം രൂപം കൊണ്ട ഒരേയൊരു അന്താരാഷ്ട്ര ഉടമ്പടികൂടിയാണ് റാംസർ ഉടമ്പടി.

**എന്താണ് തണ്ണീർത്തടങ്ങൾ?**

ജലസമൃദ്ധവും സ്ഥിരമായി ഈർപ്പം തങ്ങിനിൽക്കുന്നതുമായ ഭൂപ്രദേശത്തെയാണ് തണ്ണീർത്തടം എന്നു പൊതുവെ വിശേഷിപ്പിക്കുന്നത്. റാംസർ ഉടമ്പടിയിലാണ് ആദ്യമായി തണ്ണീർത്തടങ്ങൾക്ക് ആധികാരികമായ ഒരു നിർവചനം നൽകപ്പെട്ടത്. ചതുപ്പു നിറഞ്ഞതോ വെള്ളക്കെട്ടു നിറഞ്ഞതോ ആയ ഭൂപ്രദേശം, പ്രകൃത്യാലുള്ളതോ മനുഷ്യനിർമിതമോ സ്ഥിരമോ താത്കാലികമോ ആയി ജലമൊഴുകുന്നതോ കെട്ടിക്കിടക്കുന്നതോ ആയ, ശുദ്ധജലത്താലോ കായൽ ജലത്താലോ കടൽവെള്ളത്താലോ നിറഞ്ഞതും, വേലിയേറ്റവും വേലിയിറക്കവും അനുഭവപ്പെടുന്നതും, ആറു മീറ്ററിൽ താഴെയെങ്കിലും ആഴമുള്ളതുമായ, ജലസസ്യങ്ങളോ ജലത്തിൽ വളരുന്നതിനു രൂപപ്പെട്ട സസ്യങ്ങളോ വളരുന്നതുമായ ഭൂപ്രദേശങ്ങളെയാണ് തണ്ണീർത്തടങ്ങൾ അഥവാ വെറ്റ്ലാന്റ്സ് എന്നു നിർവചിച്ചിരിക്കുന്നത്. തടാകങ്ങൾ, നദികൾ, അരുവികൾ, അഴിമുഖങ്ങൾ, ഡെൽറ്റകൾ, കണ്ടൽപ്രദേശങ്ങൾ, നെൽവയലുകൾ തുടങ്ങിയവ ഇവയ്ക്ക് ഉദാഹരണങ്ങളാണ്.

**തണ്ണീർത്തടങ്ങളുടെ പ്രാധാന്യം**

ഒരു പരിസ്ഥിതിവ്യൂഹത്തിലെ ജലചക്രത്തിൽ നിർണായകഘടകമായ തണ്ണീർത്തടങ്ങളെ 'ഭൂമിയുടെ വൃക്കകൾ' എന്നാണു വിശേഷിപ്പിക്കുന്നത്. പരിസ്ഥിതിസംതുലനത്തിൽ ഇവ നിർണായകപങ്കു വഹിക്കുന്നു. എല്ലാ ജീവജാലങ്ങളുടെയും നിലനില്പിനും പരിസ്ഥിതിയുടെ ഗുണനിലവാരം നില നിർത്തുന്നതിനും തണ്ണീർത്തടങ്ങൾ പ്രധാന പങ്കുവഹിക്കുന്നു. വെള്ളപ്പൊക്കനിയന്ത്രണം, ജലസംഭരണം, തീരസംരക്ഷണം, ജീവജാലങ്ങളുടെ ആവാസകേന്ദ്രം, ജലശുചീകരണം എന്നിവ ഇവയുടെ പ്രാധാന്യം വിളിച്ചോതുന്നു. തണ്ണീർത്തടങ്ങൾ മറ്റുള്ള ആവാസവ്യവസ്ഥകളെക്കാൾ ജൈവവൈവിധ്യസമ്പന്നമാണ്.

**തണ്ണീർത്തടങ്ങളുടെ നാശം**

1900 നു ശേഷം പകുതിയോളം തണ്ണീർത്തടങ്ങൾ അപ്രത്യക്ഷമായെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. വരൾച്ച, കൊടുങ്കാറ്റ്, അമിതപോഷണം, മണ്ണൊലിപ്പ് തുടങ്ങിയ പ്രകൃത്യാലുള്ള പ്രതിഭാസങ്ങൾക്കുപുറമേ തണ്ണീർത്തടം നികത്തൽ, മാലിന്യം പുറന്തള്ളൽ, കീടനാശിനിപ്രയോഗം, ധാതുഖനനം, ക്രമാതീതമത്സ്യബന്ധനം ഇങ്ങനെയുള്ള അമിതമായ മാനുഷിക ഇടപെടലുകളും തണ്ണീർത്തടങ്ങളുടെ ദ്രുതഗതിയിലുള്ള നാശത്തിനു കാരണമായി ഭവിക്കുന്നു.

**തണ്ണീർത്തടങ്ങളുടെ സംരക്ഷണം**

ഇതുവരെ 2414 തണ്ണീർത്തടപ്രദേശങ്ങളെ സംരക്ഷിതമേഖലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. യുനെസ്കോയുടെ മേൽനോട്ടത്തിൽ തയ്യാറാക്കുന്ന റാംസർ പട്ടികയിൽ, ഇന്ത്യയിൽ 42 പ്രദേശങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. കേരളത്തിൽ മൂന്നു പ്രദേശങ്ങളാണ് റാംസർ സൈറ്റുകളിൽ ഉൾപ്പെട്ടിരിക്കുന്നത്. അഷ്ടമുടിക്കായൽ, ശാസ്താംകോട്ട തടാകം, വേമ്പനാട്ട് - കോൾനിലങ്ങൾ എന്നിവയാണ് അവ.



## എന്റെ വര



ശിവന്യ കെ. ബി.
8-ാം ക്ലാസ്
ജവഹർ നവോദയ
വിദ്യാലയം, ഇടുക്കി









# കലിപ്പനും കാന്താരിയും



അനഘ എസ്.കല്യാണി
എം.എ. ഡവലപ്മെന്റ് സ്റ്റഡീസ്,
എം.ജി. യൂണിവേഴ്സിറ്റി

കുറച്ചു വർഷങ്ങളായി കേട്ടുകൊണ്ടിരിക്കുന്നതാണ് 'കലിപ്പനും കാന്താരിയും' എന്ന പ്രയോഗം. തൊട്ടതിനും പിടിച്ചതിനും കാര്യമുള്ളതിനും ഇല്ലാത്തതിനുമെല്ലാം പൊട്ടിത്തെറിക്കുന്ന, കൈവീശി കാമുകിയുടെ മുഖത്തടിക്കുന്ന കാമുകൻ! തന്നോടുള്ള ഇഷ്ടക്കൂടുതലും കരുതലുമെന്ന് അഭിമാനത്തോടെ ഓർത്ത് കാമുകന്റെ ശകാരവും അടിയും ഇരുകൈനീട്ടി സന്തോഷത്തോടെ ഏറ്റുവാങ്ങുന്ന കാമുകി! ഇതാണ് 'കലിപ്പൻ - കാന്താരി' പ്രയോഗത്തിന്റെ അന്തർധാര.

ഇത്തരത്തിലുള്ള ടോക്സിക് റിലേഷനുകൾ മുമ്പും ഉണ്ടായിരുന്നെങ്കിലും ഒരു ട്രെൻഡായി മാറിയത് ഇപ്പോഴാണെന്നു മാത്രം. 'അർജുൻ റെഡ്ഡി'പോലുള്ള സിനിമകളിലെ കലിപ്പനായ, ബലം പ്രയോഗിച്ചു കാമുകിയെ ചുംബിക്കുന്ന, തനിക്കിഷ്ടമുള്ളവരെ റൂം മേറ്റ് ആക്കണമെന്നു വാശിയുള്ള, ശബ്ദമുയർത്തി കാമുകിയോടു സംസാരിക്കുന്ന നായകകഥാപാത്രത്തിനു യുവാക്കൾക്കിടയിൽ ലഭിച്ച സ്വീകാര്യത സമൂഹമാധ്യമങ്ങളിൽ പ്രകടമായിരുന്നു. 'രണ്ടു ചായ ഒരു ചിരി' പോലുള്ള ടോക്സിക് റിലേഷൻ കുത്തിനിറച്ചുള്ള ഷോർട്ട് ഫിലിമുകൾക്കു കിട്ടിയ ലക്ഷക്കണക്കിനു വ്യൂസും ലൈക്കും മറ്റ് ഉദാഹരണങ്ങൾ. അർജുൻ റെഡ്ഡിമാരെ ജീവിതത്തിലേക്കു പകർത്താൻ ശ്രമിക്കുന്നിടത്താണ് അപകടം പതിയിരിക്കുന്നത്.

തനിക്ക് ഇഷ്ടമുള്ള രീതിയിൽ കാമുകി വസ്ത്രം ധരിച്ചില്ലെങ്കിൽ, മറ്റ് ആണുങ്ങളോടു സംസാരിച്ചാൽ, കോൾ എടുക്കാതിരുന്നാൽ എന്നിങ്ങനെ എല്ലാത്തിനും കാമുകിക്കുനേരേ തട്ടിക്കയറി സ്വയം ഒരു 'alpha male' ആകാൻ കാമുകൻ ശ്രമിക്കുമ്പോൾ മറുവശത്ത്, തന്റെ കാമുകന്റെ താത്പര്യത്തിലുള്ള കാര്യങ്ങൾ മാത്രം ചെയ്തു പേടികൊണ്ട് അഭിപ്രായങ്ങൾ അടക്കി സ്നേഹംകൊണ്ട് കാമുകനെ ശാന്തയാക്കുന്ന കാമുകി! കവിളത്തൊന്നു കിട്ടിയാൽ മറുകരണം കാണിച്ചുകൊടുക്കുന്ന ഒരുതരം അടിമത്തം കലർന്ന ആരാധനാസ്വഭാവം പുലർത്തുന്ന, 'Stockholm syndrome' ന്റെ എല്ലാ ലക്ഷണങ്ങളും കാണിക്കുന്ന കാമുകി. സിനിമകളിൽനിന്നു പ്രചോദനംകൊണ്ട് ഈ കാമുകീകാമുകന്മാർ അഥവാ കലിപ്പൻ - കാന്താരികൾ ഇന്നു കൂടുതലാണ്. ഇത്തരം ബന്ധങ്ങൾ ഇവർപോലും അറിയാതെ വലിയ അപകടങ്ങളിലേക്കാണു നയിക്കപ്പെടുന്നത്. കലിപ്പും ഭയവും ഉള്ളിടത്തും ആരോഗ്യകരമായ ബന്ധം നിലനിർത്തുക പ്രയാസമാണ്. ഇതിന്റെ ചുവടുപിടിച്ചുള്ള അക്രമങ്ങൾ, കൊലപാതകങ്ങൾ, ആത്മഹത്യകൾ ഇന്നു വാർത്തകളിൽ ഇടംപിടിക്കുന്ന നിത്യസംഭവങ്ങളായിരിക്കുന്നു. കാമുകി ഇട്ടിട്ടു പോയാൽ, നോ പറഞ്ഞാൽ അവൾ മരണം അർഹിക്കുന്നവളാണെന്നു കരുതുന്ന കാമുകന്മാർ. അതോടെ കുത്തിക്കൊല്ലുക, പെട്രോൾ ഒഴിച്ചു കത്തിക്കുക തുടങ്ങി വെടിവച്ചുള്ള കൊലയ്ക്കുവരെ നമ്മൾ സാക്ഷിയായി. 'ടൈംസ് ഓഫ് ഇന്ത്യ'യിൽ വന്ന റിപ്പോർട്ടുപ്രകാരം 2001-2015 കാലയളവിൽ തീവ്രവാദിയാക്രമണത്തിൽ പൊലിഞ്ഞതിൽ കൂടുതൽ ജീവനുകളാണു പ്രണയംമൂലം നഷ്ടപ്പെട്ടത്. സ്ത്രീകൾക്കെതിരെയുള്ള ആസിഡ് ആക്രമണത്തിന്റെ കണക്കിൽ ഇന്ത്യ പിന്നിലല്ലാത്തതിലും പ്രണയത്തിന്റെ പങ്കു വലുതാണ്.

ഒരു ശതമാനം ആളുകൾ ടോക്സിക് റിലേഷനെ ആരാധിക്കുമ്പോഴും ആഘോഷിക്കുമ്പോഴും ഇതിനെ എതിർക്കുന്നവർ ധാരാളമുള്ളത് ശുഭസൂചനയാണ്. താൻ ഒരു ടോക്സിക് റിലേഷനിലാണ് എന്ന പൂർണബോധ്യമുണ്ടായിട്ടും നോ പറയാതെ, ഇട്ടിട്ടു പോരാതെ നില്ക്കുന്നതു ദയനീയമാണ്. ബോധപൂർവവും അല്ലാതെയും ഇത്തരം ബന്ധങ്ങളിൽ പെട്ടുപോകുന്നവരാണ് നമ്മുടെ യുവജനങ്ങൾ. കൃത്യമായ കൗൺസലിങ്ങിന് ഒരു പരിധിവരെ മാറ്റം കൊണ്ടുവരാൻ കഴിയും. അല്ലാത്തപക്ഷം ജീവനുംകൊണ്ട് രക്ഷപ്പെടാൻ നോക്കുന്നതാവും നല്ലത്. വീട്ടിൽനിന്നുള്ള മാതാപിതാക്കളുടെ ഇടപെടലും ശ്രദ്ധയും കുട്ടികൾക്ക് ആവശ്യമാണ്. പ്രണയത്തെ ഒരു കുറ്റമായിക്കാണാതെ, സുഹൃത്തുക്കളെപ്പോലെ അവരെ ശരിയായികേട്ട് വേണ്ട നിർദേശങ്ങൾ നൽകി ടോക്സിക് റിലേഷൻസിൽ പെട്ടുപോകാതെ ശ്രദ്ധിക്കാൻ മാതാപിതാക്കൾക്കു കഴിയണം.





**അജയ് കെ. ജോസഫ്**
ബി.എ. ഇംഗ്ലീഷ്
സെന്റ് തോമസ് കോളജ്, പാലാ



# ലോക്ഡൗണിന്റെ കാണാപ്പുറങ്ങൾ

കൊവിഡ് - 19 മഹാമാരി ലോകത്തിന്റെ താളം തെറ്റിച്ചുകൊണ്ട് അശ്വമേധം തുടർന്നുകൊണ്ടിരിക്കുകയാണ്. എത്രകാലം നീളുമെന്നറിയാതെ ഇതിനെതിരേ മനുഷ്യരാശി പോരാടിക്കൊണ്ടുമിരിക്കുന്നു. ഇത് സമ്പത്തിനോ, സ്ഥാനമാനങ്ങൾക്കോ വേണ്ടിയല്ല, തന്റെ ജീവനുവേണ്ടി, ഉറ്റവരുടെ സുസ്ഥിതിക്കുവേണ്ടി, തന്നെ ജീവനുതുല്യം സ്നേഹിക്കുന്നവരുടെ സമാധാനത്തിനുവേണ്ടിയുള്ള യുദ്ധമാണ്. ഇതിൽ മാനവരാശിക്കു വിജയം നേടിയേ മതിയാവൂ.

**തൊഴിൽ**

തൊഴിൽമേഖലയെ ലോക്ഡൗൺകാലം ചെറുതായല്ല ബാധിച്ചത്. ദിവസക്കൂലിക്കു ജോലി ചെയ്യുന്ന ആളുകൾക്കു തൊഴിൽ നഷ്ടമായി. ഉത്സവങ്ങളും ആഘോഷങ്ങളും ഇല്ലാതായതോടെ അവയെ ആശ്രയിച്ചുകഴിഞ്ഞിരുന്ന കലാകാരന്മാർക്കും തൊഴിലാളികൾക്കും അവരുടെ വേതനം നഷ്ടമായി. എല്ലാം ഓൺലൈൻവഴി ആയതോടെ പരമ്പരാഗതതൊഴിലുകളെ ആശ്രയിച്ചിരുന്നവർക്കു വൻ തിരിച്ചടിയായി. പുതിയ സംരംഭകരുടെ സ്വപ്നങ്ങളും പ്രതീക്ഷകളും കൊവിഡ് തല്ലിക്കെടുത്തി.

**വ്യവസായം**

ലോക്ഡൗൺകാലം വ്യവസായ മേഖലയെ ആകെ തളർത്തിയെങ്കിലും ഓൺലൈൻ ഷോപ്പിങ്ങിന്റെ സാധ്യത ഈ വെല്ലുവിളികളെയൊക്കെ അതിജീവിക്കാൻ പര്യാപ്തമാക്കി. പക്ഷേ, സാമൂഹികജീവിതം ഒന്നാകെ നിലച്ചുപോയ ഈ സാഹചര്യത്തിൽ ഉത്പന്നങ്ങളുടെയും വിളകളുടെയും വിലയിലെ വ്യതിയാനങ്ങൾ പ്രതിസന്ധികളുണ്ടാക്കി.

**വിദ്യാഭ്യാസം**

ലോക്ഡൗൺകാലം ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ കാലമാണ്. വീട്ടിലെമുറിക്കുള്ളിൽഫോണിന്റെയോ കമ്പ്യൂട്ടറിന്റെയോ മുന്നിൽ അധ്യയനം തളച്ചിടപ്പെട്ടു. പരസ്പരം കാണാതെ, സൗഹൃദം പങ്കുവയ്ക്കാതെ വിദ്യാർത്ഥിസമൂഹവും ഈ ലോക്ഡൗൺ കാലത്തിനു സാക്ഷികളായി.

**നവമാധ്യമങ്ങൾ**

ലോക്ഡൗൺകാലത്ത് പുരോഗതി ഉണ്ടായത് നവമാധ്യമങ്ങൾക്കാണ്. മനുഷ്യൻ ഒന്നാകെ തങ്ങളുടെ വീടുകളിലേക്കും മുറികളിലേക്കും ഒതുങ്ങിയപ്പോൾ, ആളുകൾ വിനോദോപാധിയായി ആശ്രയിച്ചത് നവമാധ്യമങ്ങളെയാണ്. വ്‌ളോഗുകൾ, റീൽസുകൾ തുടങ്ങിയവയെല്ലാം മാനവജീവിതത്തിന്റെ ഭാഗമായി മാറി. ഇളംതലമുറയ്ക്ക് പടർന്നുപന്തലിച്ചുകിടക്കുന്ന സൈബർ ലോകത്തേക്കു പ്രവേശിക്കാനുള്ള ഒരവസരമായിരുന്നു ഇത്. നവമാധ്യമങ്ങൾ കൂടുതലും ഉപയോഗിക്കുന്നത് 15-25 പ്രായപരിധിയിലുള്ളവരാണെന്നു കണക്കുകൾ സൂചിപ്പിക്കുന്നു.

കൊവിഡ് ഉയർത്തിയ വെല്ലുവിളികളെ പഴിച്ചിരുന്നിട്ടു കാര്യമില്ല. നമ്മുടെ കൈയിലുള്ളത്, വർത്തമാനകാലം മാത്രമാണ്. അതിനാൽ, കൊവിഡ് ഉയർത്തിയ വെല്ലുവിളികളെ അവസരങ്ങളാക്കി മാറ്റേണ്ടത് കാലത്തിന്റെ ആവശ്യമാണ്. അതിനാൽത്തന്നെ, നാം ആത്മവിശ്വാസത്തോടെ പോരാടണം. മാനവശക്തിയുടെ സാധ്യതകൾ വർധിപ്പിക്കാനുള്ള അവസരമായി ഈ ലോക്ഡൗൺ കാലത്തെ കാണാൻ സാധിച്ചാൽ ഒരു നല്ല ഭാവി നമ്മുടെ തലമുറയ്ക്കായി പ്രദാനം ചെയ്യാൻ നമുക്കു സാധിക്കും. ■



കവിത

# ഓർമകൾ

അമ്മതൻ കയ്യുംപിടിച്ചുകൊണ്ടന്നു
ഞാൻ പിച്ചവച്ചൊരങ്കണവും
അച്ഛന്റെ മാറിലെ ചൂടേറ്റുകിടക്കവേ
കണ്ണുകുളിർപ്പിച്ച വഴിക്കാഴ്ചയും
അക്ഷരപ്പൂട്ടുകൾ മെല്ലെത്തുറക്കുവാൻ
ചൂരലുമായി വന്ന ഗുരുനാഥനും
കൂട്ടുകാരൊന്നിച്ചു
വിദ്യാലയമുറ്റത്തോടി കളിച്ചോരാമർമരവും
മുത്തശ്ശിക്കൊപ്പമിരുന്നു ഞാൻ
രാമായണം ചൊല്ലിക്കേട്ടോരാ സായാഹ്നവും
പരിഭവിച്ചുമ്മറത്തിരിക്കവേ
മുത്തശ്ശൻ ചൊല്ലിക്കേൾപ്പിച്ചൊരാ ചരിതങ്ങളും
മുട്ടുപൊട്ടിയെന്നോതിച്ചിണുങ്ങിക്കരയവേ
അമ്മായി നൽകിയ പൊന്നുമ്മയും
മാഞ്ഞുപോയെങ്കിലും
മറന്നുപോകാത്തൊരോർമകളേ
നിനക്കെന്തൊരോർമ..!



**കൃഷ്ണപ്രിയ**
ബി.കോം
എൻ.എസ്.എസ്. കോളജ്
പന്തളം

കവിത

# പരിസ്ഥിതി

എങ്ങും ഒരു നിശ്ശബ്ദതയാണ്...
ശോകമൂകമായി തെരുവീഥികൾ...
വിഷക്കുഴലുകൾ മയക്കത്തിലാണ്...
വാഹനം പലതും നിദ്ര പൂണ്ടിരിക്കുന്നു...
മുഖാവരണം അണിഞ്ഞ ഭൂമിയിൽ
അറുത്തുമാറ്റിയ ചില്ലകൾ പലതും
തളിർത്തു പൂത്ത കാഴ്ചകൾ പലതും
പുതിയൊരു പോരാട്ടത്തിലാണ്...
പുതിയൊരു വീണ്ടെടുപ്പിനായി
കാത്തിരിക്കുന്ന കാലവും,
മനുഷ്യനും മരങ്ങളും മലകളും
ജീവികൾ പലതും ജീവിക്കാൻ
അന്ത്യമറിയാത്തൊരു
കാത്തിരിപ്പിലാണ്...
വസന്തം വീശുന്ന പുതിയൊരു
പുലരിക്കായി, ഭൂമിക്കൊരു-
മുഖാവരണം മരങ്ങളാൽ
ഹരിതവർണ്ണം തീർത്തൊരു
പരിസ്ഥിതി വാർത്തെടുക്കാം...



**അമിൻ നജീബ്**
ബി.എ. ഇംഗ്ലീഷ്
സെന്റ് തോമസ് കോളജ്
പാലാ

# കടലിന്നഗാധമാം ആകാശനീലിമയിൽ



**ആൻ മരിയ തോമസ്**
പ്ലസ് വൺ
സെന്റ് മേരീസ് എച്ച്.എസ്.എസ്.
പാലാ

ഞാൻ കടലും ആകാശവും ലക്ഷ്യമാക്കി ഒരു യാത്ര ചെയ്തു. കൊടുംകാട്ടിൽ മൃഗങ്ങളെ ഭയന്നും കുന്നിൻചെരുവിലെ പാറക്കഷണങ്ങളിൽ തട്ടി മുറിവേറ്റും ചുരങ്ങൾ താണ്ടിയും ഞാൻ അവശയായി മാറിയിരുന്നു. ആ മലമുകൾ എനിക്കൊരു തിരിച്ചറിവായിരുന്നു. ഊന്നുവടിയും തോൾസഞ്ചിയും ഇരുവശത്തേക്കു മെറിഞ്ഞ് ഞാൻ കൈകൾ മേലോട്ടുയർത്തി നിന്നു. മലമുകളിൽ സ്ഥിരതാമസമാക്കിയ കുളിർകാറ്റ് എന്റെ മുഖത്ത് പുഞ്ചിരി വിരിയിച്ചു. ആരാലും ശ്രദ്ധിക്കപ്പെടാതെ കിടന്ന ഈ ഭൂമിയെ അറിയാൻ എനിക്ക് ആഗ്രഹമുണ്ടായി. ആകാശവും കടലുമായിരുന്നല്ലോ എന്റെ ലക്ഷ്യം; അവർ ഞാൻ വന്നത് അറിഞ്ഞെന്നു തോന്നുന്നു. ആരോ പേരുചൊല്ലി വിളിക്കുന്നതുപോലെ... ഞാൻ കണ്ണുകളുയർത്തി മുകളിലേക്കു നോക്കി. അതാ, മേഘങ്ങൾ സന്തോഷത്തിലാണ്. അവരും പുഞ്ചിരിക്കുന്നു. അവയ്ക്കു ഭംഗിയേറി വരുന്നു. അല്പം കഴിഞ്ഞപ്പോൾ ആകാശം ഏറ്റവും സുന്ദരമായ ഒരു കാഴ്ച കാട്ടിത്തരാമെന്ന് എന്നോടു പറഞ്ഞു. ഒരു പുഞ്ചിരിയോടെ ഞാനെന്റെ സമ്മതമറിയിച്ചു.

നോക്കൂ, അതാ മുകളിൽ ആകാശം. ആകാശത്തിന്റെ നിറമെന്തെന്നു ചോദിച്ചാൽ ഒന്നിലധികം ഉത്തരങ്ങൾ നല്കേണ്ടിവരും എനിക്ക്. കുറച്ചിടത്തു നീലയും മറ്റു കുറച്ചിടത്തു വെളുപ്പുമായി പഞ്ഞിമുട്ടായി എന്നു തോന്നിപ്പിക്കുന്ന ഈ ആകാശം എനിക്കെന്നും പ്രിയപ്പെട്ടതാണ്. സന്ധ്യയാകുമ്പോൾ അവൾ വീണ്ടും സുന്ദരിയാകുന്നു. അവളിൽ മേഘ ചിത്രങ്ങൾ കോറിയിടാനും അവയ്ക്കു നിറംപകരാനും കൂടുതൽ സുന്ദരിയാക്കാനും അവളോടൊപ്പം ഒരാൾ കൂടെയുണ്ടായിരുന്നു. ഈ ചിത്രകാരന്റെ ഉദയാസ്തമയങ്ങൾ ആയിരുന്നു എന്നെയും ചിന്തിപ്പിച്ചത്.

ചുവപ്പു കലർന്ന ചെമ്മാനത്തുകൂടി പറന്നുമറയുന്ന കിളികൾ പുതിയൊരു പുലരിക്കായി കാത്തിരിക്കുന്നവരാണ്. അവർ നാളെയെക്കുറിച്ച് ആകുലരാകുന്നില്ല. സന്ധ്യമയങ്ങുമ്പോൾ അവയും ശാന്തമായി ഉറങ്ങുന്നു. ഉദയസൂര്യന്റെ വരവറിഞ്ഞ് അവ സന്തോഷത്തോടെ കണ്ണുചിമ്മിത്തുറക്കുന്നു. അവർക്കു മുമ്പിലുള്ള വലിയ ലോകത്തിൽ, അവരുടെ ലക്ഷ്യത്തിലേക്കു പറന്നുചെല്ലാൻ അവരെന്നും ചിറകു വിരിക്കുന്നു. ഇതായിരുന്നു ഞാൻ കണ്ട കാഴ്ച.

ഒന്നും മിണ്ടാതെ മാനം നോക്കി നിന്ന എന്നെ പിന്നെയും ആരോ വിളിക്കുന്നതുപോലെ തോന്നി. പക്ഷേ, ഇപ്രാവശ്യം വിളി താഴെനിന്നായിരുന്നു. അതാ അവിടെ കടൽ എന്നെയും കാത്തിരിക്കുന്നു. ഞാൻ ആകാശത്തോടു ചെയ്തപോലെ കടലിനെയും നോക്കി പുഞ്ചിരിച്ചു. ആകാശത്തിനും കടലിനും വേർപെടുത്താൻ കഴിയാത്ത ഒരു ബന്ധമുണ്ടെന്നു ഞാൻ തിരിച്ചറിഞ്ഞു. കടലും എനിക്കായി ഒരു ദൃശ്യവിസ്മയം ഒരുക്കിയിരിക്കുന്നു. കാലിൽ പറ്റിപ്പിടിക്കുന്ന മണൽത്തരികളെ അറിയാതെ ഞാൻ കടലിനടുത്തേക്കു ചെന്നു. ശരിയാ, അതിനും നീലനിറംതന്നെ. എനിക്കു കുറച്ചുകൂടി അടുത്തേക്കു ചെല്ലണമെന്നു തോന്നി. ഞാൻ ആഴങ്ങളിലേക്കു തുഴഞ്ഞു. തുഴച്ചിലിനിടയിൽ നീലക്കടൽ ചെങ്കടലായി മാറുന്ന പ്രതിഭാസം ഞാൻ കണ്ണുനിറയെക്കണ്ടു. ആകാശത്തിലെ കിളികൾ കൂട്ടിലേക്കു പറക്കുന്നതുപോലെ, തീരത്തുണ്ടായിരുന്ന മീനുകൾ ആഴക്കടലിലേക്കു പോയ് മറഞ്ഞു. അവരും കാത്തിരിക്കുന്നത് ഉദയസൂര്യനെയാണെന്നതിൽ സംശയമില്ല.

നേരം രാത്രിയായി. വന്നനേരം മുതൽ കൂടെയുണ്ടായിരുന്ന കുളിർക്കാറ്റ് എന്നെ വിട്ടുപോയതേയില്ല. ആകാശവും കടലും ഇരുണ്ടുതുടങ്ങിയപ്പോഴേക്കും നക്ഷത്രങ്ങളും ചന്ദ്രനും പിറവിയെടുത്തു. അവർ തന്ന വെളിച്ചത്തിൽ ഞാൻ മണൽപ്പുറത്തിരുന്നു ചിന്തിച്ചു. മഴയും മഞ്ഞും ആകാനുള്ള മേഘങ്ങളും അതു മഴയായി ഒഴുകാനുള്ള കടലും എനിക്കു പറഞ്ഞുതന്നത് പ്രകൃതിയുടെ പാഠങ്ങൾ ആയിരുന്നു.

നിറം മാറിക്കൊണ്ടിരുന്ന മേഘങ്ങൾക്കു മാറ്റങ്ങൾ ഉണ്ടാകുമെന്നും ലക്ഷ്യം നോക്കി പറന്ന കുഞ്ഞുകിളികൾപോലും പ്രതീക്ഷയുള്ളവരാണെന്നും ആകാശം എന്നെ പഠിപ്പിച്ചു. മാറ്റങ്ങൾ എന്തുതന്നെയായാലും അവ എല്ലാവർക്കും ബാധകമാണെന്ന് ആകാശത്തെ പ്രതിഫലിപ്പിച്ചുകൊണ്ട് കടലും എനിക്കു പറഞ്ഞുതന്നു.

പിന്നീട് ഞാൻ വരവേറ്റത് ഒരു പുതിയ ജീവിതത്തെയായിരുന്നു. കാറ്റിനെയും വെളിച്ചത്തെയും ഞാൻ എന്റൊപ്പം കൂട്ടി. ചുരങ്ങളോ കുന്നിൻ ചെരുവിലെ പാറക്കഷണങ്ങളോ കൊടുങ്കാട്ടിലെ മൃഗങ്ങളോ പിന്നീടെനിക്ക് ബുദ്ധിമുട്ടായി തോന്നിയില്ല. തടസ്സങ്ങൾ വീണ്ടും ഉണ്ടായി. എന്നിരുന്നാലും ആകാശവും കടലും ഉള്ളിടത്തോളം കാലം ജീവിക്കാനുള്ള പ്രചോദനം നഷ്ടമാകില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ■

# അച്ഛൻ

കഥ





റോസ്മി തോമസ്
ബി.എസ്.സി. മാത്സ്
ബി.വി.എം. കോളജ്,
ചേർപ്പുങ്കൽ

പതിവില്ലാത്ത വേനൽമഴ. പുതുമണ്ണിന്റെ ഗന്ധം. ചുട്ടുപഴുത്ത മണ്ണിലേക്ക് മഴ പെയ്തിറങ്ങിയപ്പോൾ ഭൂമിദേവി പുളകംകൊണ്ടു. തെങ്ങിൻതോപ്പിലൂടെ ഇരച്ചെത്തുന്ന മഴവെള്ളം പാടത്തിനരികിലുള്ള ചെറിയകുളം നിറച്ചു.

പതിയെ ജനൽപ്പാളികളിൽ പിടിച്ച് പുറത്തേക്കു നോക്കി. നിർത്താതെ പെയ്യുന്ന മഴ. എന്തൊക്കെയോ പറയാൻ ബാക്കി നിൽക്കുന്നപോലെ. തേങ്ങലടക്കി കണ്ണീരൊഴുക്കുന്ന മഴ!

മുറ്റത്തു നിവർത്തിക്കെട്ടിയിരിക്കുന്ന ടാർപോളിൻ ഷീറ്റിനടിയിൽ കസേരകളിൽ സ്ഥാനം പിടിച്ചിരിക്കുന്ന കാരണവന്മാർ ഓരോ നിർദേശങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. കത്തിച്ചുവച്ച നിലവിളക്കിനു മുന്നിൽ നീളത്തിൽ വെട്ടിയിട്ട വാഴയിലയ്ക്ക് ഇരുവശവുമായി നാളികേരമുറിയിൽ എരിയുന്ന അരിത്തിരിനാളങ്ങൾ.

രണ്ടാൺകുട്ടികൾക്കുശേഷം ഉണ്ടായ മകൾ. അത്രമേൽ ആശിച്ചുകിട്ടിയ പെൺകുഞ്ഞിനെ നിധിപോലെ കാത്തുപോന്ന ഒരു അച്ഛൻ. മുറ്റത്തെ മൂവാണ്ടൻമാവിനു ചുവട്ടിൽ കസേരയിട്ട് പുസ്തകവായനയിൽ ലയിച്ചിരിക്കുന്ന അച്ഛന്റെ മാറിൽ ചുരുണ്ടുകൂടിയുള്ള ഉറക്കത്തിന് ഒരു പ്രത്യേക സുഖംതന്നെയായിരുന്നു.

ലാളിച്ചു വഷളാക്കണ്ട. പെൺകുട്ടിയാണ്. അമ്മ എപ്പോഴും പരിഭവം പറയും.

ആ മൂവാണ്ടൻമാവിനെ അച്ഛനു വലിയ ഇഷ്ടമായിരുന്നു.

ഞാൻ എന്തു പറഞ്ഞാലും അവന് എല്ലാം മനസ്സിലാവും. അച്ഛൻ പറയുമ്പോൾ ചില്ലകളാട്ടി മാവ് ചിരിക്കാറുണ്ടായിരുന്നു. ചില്ലയിൽ ഊഞ്ഞാലുകെട്ടി ആടുമ്പോൾ, മൂവാണ്ടൻമാവ് കരുതലോടെ ചേർത്തു പിടിക്കുന്നപോലെ തോന്നും.

സങ്കടങ്ങളും സന്തോഷങ്ങളും എല്ലാം അച്ഛൻ മൂവാണ്ടനുമായി പങ്കുവയ്ക്കുന്നതു കാണാറുണ്ട്.

ആ മൂവാണ്ടൻ മാവിൻചുവട്ടിൽ ഒരു ചിത ഒരുങ്ങുന്നു.

ഇതെങ്ങനെയാണ് മാവിനു സഹിക്കാൻ കഴിയുക? ഓർക്കുമ്പോൾ ഹൃദയം നുറുങ്ങുന്ന വേദന.

കിടക്കയിൽ ബോധമില്ലാതെ തളർന്നുവീണ അമ്മയെ ഒന്നുകൂടി നോക്കി. കുളിച്ച് ഈറൻ തോർത്തുമുടുത്തു വന്നുനിൽക്കുന്ന ചേട്ടന്മാരെയും. തേങ്ങലടക്കാൻ പാടുപെടുന്നുണ്ട് അവരും. ഇനി ഏതാനും നിമിഷങ്ങൾമാത്രം.

"അച്ഛന്റെ അമ്മൂമോളിത് എങ്ങനെ സഹിക്കും അച്ഛാ? അച്ഛനില്ലാത്ത ഈ ലോകം എനിക്കു പേടിയാണ് അച്ഛാ."

ആംബുലൻസ് പടികടന്നെത്തി.

കൈകാലുകൾക്കു വിറയൽ ബാധിച്ചപോലെ... നിന്നിടത്തുനിന്ന് ചലിക്കാൻപോലും കഴിയുന്നില്ല... നിറഞ്ഞു തുളുമ്പിയ കൺപീലികൾക്കിടയിലൂടെ നിറംമങ്ങിയ ഒരു കാഴ്ച രൂപപ്പെട്ടു.

ആരൊക്കെയോ ചേർന്ന് വെള്ളത്തുണിയിൽ പൊതിഞ്ഞുകെട്ടിയ ആ ശരീരം നേരത്തേ ഒരുക്കിവച്ച വാഴയിലയിലേക്കു കിടത്തി.

ചേട്ടൻമാർ രണ്ടുപേരും ആ ശരീരത്തിലേക്കു വീണു പൊട്ടിക്കരഞ്ഞു. ആർത്തലച്ച് അലമുറയിട്ടു കരഞ്ഞുകൊണ്ട് അമ്മയും ഓടിയെത്തി.

അപ്പോഴേക്കും ആരൊക്കെയോ താങ്ങിപ്പിടിച്ച് ഒരാളെ കൊണ്ടുവന്ന് കസേരയിലിരുത്തി.

അപ്പൻ!

കരഞ്ഞുതളർന്നിരിക്കുന്നു.

'ഒറ്റയ്ക്ക് കുളത്തിലിറങ്ങരുതെന്ന് എത്ര പ്രാവശ്യം പറഞ്ഞിട്ടുണ്ട്, ന്റെ പൊന്നുമോളേ...'

നെറുകയിൽ ചുംബിച്ചുകൊണ്ട് അപ്പൻ പൊട്ടിക്കരയുന്നു...

അപ്പന്റെ അമ്മുമോൾ ഇവിടെയുണ്ട് എന്നു പറഞ്ഞ് ആശ്വസിപ്പിക്കണമെന്നുണ്ട്, പക്ഷേ, ഊഞ്ഞാലു കെട്ടി ആടിയിരുന്ന മൂവാണ്ടന്റെ കൊമ്പ് മുറിഞ്ഞുവീണു...

വലിയ ഒരു അലർച്ചയോടെ...

പുറത്ത് മഴ അപ്പോഴും നിർത്താതെ പെയ്തുകൊണ്ടേയിരുന്നു... ■





ആൽബിൻ ജിജോ
ബി.എസ്.സി. മാത്സ്
സെന്റ് തോമസ് കോളജ്
പാലാ

മാത്സര്യം മന്ത്രവാദംപോലെ പാപമാണ്; മർക്കടമുഷ്ടി വിഗ്രഹാരാധനപോലെയും (1 സാമുവൽ 15:23).

മത്സരങ്ങളുടെ യുഗമെന്ന് ഈ കാലഘട്ടത്തെ വിശേഷിപ്പിക്കുന്നത് തീർത്തും യുക്തമാണ്. സമ്പന്നനും ദരിദ്രനും പ്രതിഭയും പ്രതിയും വിജയിയും പരാജിതനുമെല്ലാം ഈ മത്സരസംസ്കാരത്തിന്റെ പ്രതിച്ഛായകളാണ്. മാത്സര്യമെന്ന പാപം സാധാരണമായി അധികാരമോഹത്തിന്റെയും മർക്കടമുഷ്ടിയുടെയും ഫലങ്ങളായി മാറുന്നു.

# ആരോട്, എന്തിന് ഈ മത്സരം?

രാഷ്ട്രീയപശ്ചാത്തലങ്ങളിലെ അധികാരമോഹവും ആസക്തിയും മാത്സര്യത്തിലേക്കു തള്ളിവീഴുന്ന കാഴ്ചകൾ വാർത്താമാധ്യമങ്ങളിലെ പതിവുകാഴ്ച മാത്രം. അധികാരം ശുശ്രൂഷയുമായി ഇഴചേർന്നു കിടക്കുന്നുവെന്നു പഠിപ്പിച്ചത് ക്രിസ്തുവാണ്. എന്നാൽ, അടിച്ചമർത്തലിനും സ്വാർത്ഥതാത്പര്യങ്ങൾക്കുംവേണ്ടി കുതികാൽവെട്ടും കാലുവാരലും അപകീർത്തിപ്പെടുത്തലും തുടങ്ങിയ കുത്സിത പ്രവർത്തനങ്ങളും മാത്സര്യത്തിന്റെ വികലമായ മുഖങ്ങളാണ്. പീഡനങ്ങളും അഴിമതിയുമെന്നല്ല, പല തെറ്റുകളുടെയും മൂലകാരണം അധികാരമോഹവും തെറ്റായ മത്സരബുദ്ധിയുമാണ്.

ആരോഗ്യകരമായ മത്സരമെന്നുള്ള ഉദ്ദേശ്യലക്ഷ്യത്തോടെ നടത്തപ്പെടുന്ന കലാ-കായിക മത്സരങ്ങളിൽപോലും അധികാരദുർവിനിയോഗവും രാഷ്ട്രീയസ്വാധീനങ്ങളും അതുവഴി തെറ്റായ മത്സരരീതിയും പ്രകടമാണ്.

ഒരുവന്റെ ഉള്ളിലെ പ്രതിഭയെ കണ്ടെത്താനുള്ള വേദിയാവണം മത്സരങ്ങൾ. അതു നിഷ്പക്ഷമായ, ആരോഗ്യകരമായ അന്തരീക്ഷത്തിലായിരിക്കണം നടത്തപ്പെടേണ്ടത്.

കാലങ്ങളായി കൈമുതലായുള്ള അധികാരവും സമ്മാനങ്ങളും തങ്ങളുടേതു മാത്രമാകണമെന്നാഗ്രഹിക്കുന്ന ചില ന്യൂനപക്ഷങ്ങളുടെ ദുശ്ശാഠ്യം സംഘടനകളുടെ മുഖച്ഛായയ്ക്കുതന്നെ കോട്ടമാണ്. ആഗ്രഹിക്കുന്നവയെ സ്വന്തമാക്കാൻവേണ്ടി ഏതു മാർഗവും സ്വീകരിക്കുന്ന ആഗോളവിപത്തിന്റെ വേരുകൾ മാത്സര്യത്തിൽ കുടുങ്ങിക്കിടക്കുന്നു.

ക്രിസ്തു പഠിപ്പിച്ചത് ശുശ്രൂഷയുടെ സുവിശേഷമാണ്. അധികാരം കാലുകഴുകലിന്റെയും മത്സരങ്ങൾ ചേർത്തുപിടിക്കലിന്റെയും പ്രോത്സാഹനത്തിന്റെയുമായി മാറണം. അംഗീകരിക്കാനുള്ള വിശാലതയും സഹിഷ്ണുതയും എല്ലാറ്റിനുമുപരി സ്നേഹവും കൊണ്ടു മാത്രമേ ഈ വിപത്തിനെ ജയിക്കാനാവൂ. ■

# കർഷകവിലാപങ്ങൾ അന്നും ഇന്നും

വായന



വിദ്യ വിജയകുമാർ
എം.എ. ഭാഷാശാസ്ത്രം
മലയാളം സർവകലാശാല
തിരൂർ

ഹിന്ദി നോവലിസ്റ്റ് പ്രേംചന്ദ് ജിയുടെ ഏറ്റവും പ്രശസ്തമായ നോവലാണ് ഗോദാൻ. ഇന്ത്യയിലെ ഗ്രാമീണകർഷകരുടെ നിസ്സഹായതയും കഷ്ടപ്പാടുകളുമാണ് ഇതിൽ വിവരിച്ചിരിക്കുന്നത്. ഗ്രാമത്തിലെ പാവപ്പെട്ട കർഷകൻ ജമീന്ദാറിന്റെ കൈയിൽനിന്നു പണം കടം വാങ്ങിക്കുന്നതും അതു തിരിച്ചുകൊടുക്കാൻ പറ്റാതെ കടക്കെണിയിൽ കുടുങ്ങുന്നതും ഹൃദയസ്പർശിയായി വിവരിച്ചിരിക്കുന്നു. വ്യത്യസ്ത ജനവിഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന നിരവധി കഥാപാത്രങ്ങളെ ഇതിൽ കാണാം. വാക്കുകളിൽ വിവരിക്കാൻ കഴിയാത്ത നിരവധി സംഭവങ്ങൾ ഇതിൽ പറഞ്ഞുപോകുന്നു.

ഗോദാനിൽ പ്രേംചന്ദ് ജി അവതരിപ്പിക്കുന്നത് ഗ്രാമത്തിന്റെയും നഗരത്തിന്റെയും രണ്ടു കഥകളുടെ സമതുലിതമായ മിശ്രിതമാണ്. സമൂഹത്തിൽ പുണ്യത്തിന്റെയും ആദരവിന്റെയും അടയാളമായ, പവിത്രമായി കണക്കാക്കപ്പെടുന്ന ഒരു പശുവിനെ സ്വന്തമാക്കുക എന്ന സ്വപ്നം കാണുന്ന ദരിദ്രകർഷകനായ ഹോരി എന്ന നായകൻ. പശുവിന്റെ വിലയെക്കുറിച്ച് ഹോരി കൂട്ടുകാരനായ ഭോലയോടു ചോദിക്കുന്നു.എൺപതു രൂപയിൽ താഴെയുള്ള പശുവിനെ ലഭിക്കില്ലെന്ന് ഭോല അവനോടു പറഞ്ഞു. ഭോലയുടെ ഭാര്യ ആയിടെ മരിച്ചുപോയിരുന്നു. അയാൾ രണ്ടാം വിവാഹത്തിനൊരുങ്ങുകയായിരുന്നു. ഒരു പുതിയ വധുവിനെ കണ്ടെത്താമെന്ന് ഹോരി ഭോലയോടു പറയുന്നു. ഭോല സമ്മതിക്കുകയും ഒരു പശുവിനെ ഹോരിക്കു നൽകുകയും ചെയ്യുന്നു. ഹോരിയുടെ ഇളയ സഹോദരൻ ഹീര പശുവിനെ കണ്ട് അസൂയപ്പെട്ടു. അയാൾ പശുവിനു വിഷം കൊടുക്കുന്നു.

ഭോലയുടെ മകൾ ജുനിയ ഒരു വിധവയാണ്. ഹോരിയുടെ മകൻ ഗോബർ ജുനിയയുമായി പ്രണയത്തിലായി.




അവൾ ഗർഭിണിയായി. ഹോരിയും ഭാര്യയും തങ്ങളെക്കാൾ താഴ്ന്ന ജാതിക്കാരിയായ ജുനിയയെ മരുമകളായി സ്വീകരിക്കുന്നു. ഹോരിക്ക് കനത്ത കടബാധ്യതയുണ്ട്. ജന്മിയുടെ കൈയിൽനിന്ന് അയാൾ കുറച്ചു പണം കടം വാങ്ങുന്നുണ്ട്. തിരിച്ചുകൊടുക്കാൻ കഴിയാത്തതിനാൽ ഹോരി അയാളുടെ മകൾ രൂപയെ വൃദ്ധനായ ജന്മിക്കു വിവാഹം കഴിച്ചുകൊടുക്കുന്നു. കഠിനാധ്വാനം ഹോരിയുടെ ആരോഗ്യം തകർക്കുന്നു അയാൾ അകാലത്തിൽ മരിച്ചു. കടവും പല സാഹചര്യങ്ങളുംകൊണ്ടു വലയുന്ന ഒരു പാവപ്പെട്ട കഠിനാധ്വാനിയായ കർഷകനായാണ് ഹോരിയെ ചിത്രീകരിച്ചിരിക്കുന്നത്.

ദരിദ്രർ ഒരിക്കലും ഉയർന്നുവരില്ലെന്ന് ഉറപ്പുവരുത്തുന്ന ഒരു ലോകം സൃഷ്ടിച്ച സമൂഹത്തിന്റെ അനീതിയെ ഈ നോവലിൽ വായിക്കാം. മെച്ചപ്പെട്ട ജീവിതശൈലി കണ്ടെത്താൻ ആളുകൾ എങ്ങനെയാണ് നഗരപ്രദേശങ്ങളിലേക്കു മാറുന്നതെന്നും അവിടെ എന്താണു സംഭവിക്കുന്നതെന്നും കഥ പറയുന്നു. അന്ധവിശ്വാസങ്ങളുടെയും അന്യായമായ പാരമ്പര്യങ്ങളുടെയും പിടിയിൽപ്പെട്ടു കിടക്കുന്ന ദരിദ്രർ വീണ്ടും ദാരിദ്ര്യത്തിലേക്കു തള്ളപ്പെടുകയും അവരുടെ നിയന്ത്രണത്തിലല്ലാത്ത സാഹചര്യങ്ങളാൽ അടിമകളാകുകയും ചെയ്യുമ്പോൾ വരേണ്യവർഗം വീണ്ടും സമ്പന്നരാകുന്ന വിരോധാഭാസമാണ് നാം ഇവിടെ കാണുന്നത്.

ഇന്ത്യയിലെ ദരിദ്രകർഷകന്റെ അവസ്ഥയ്ക്ക് ഇന്നും കാര്യമായ മാറ്റമൊന്നും സംഭവിച്ചിട്ടില്ലെന്ന തിരിച്ചറിവാണ് പതിറ്റാണ്ടുകൾക്കുശേഷവും ഈ പുസ്തകത്തിന്റെ വായന നമുക്കു നല്കുന്നത്. ■

Digital art



ഫിലിപ് എസ്. വാളുക്കാരൻ
ബി.എ. ഇംഗ്ലീഷ്
സെന്റ് തോമസ് കോളജ്
പാലാ



